**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 544** **13-10-2026-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമത്തിന് പരിഹാരമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമത്തിന് പരിഹാരമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ദ്യുതി-1 (പൂർത്തിയായി)

2. ദ്യുതി-2 (നിലവിൽ നടന്നുകൊണ്ടിരിക്കുന്നു)

3. RDSS (നിലവിൽ നടന്നുകൊണ്ടിരിക്കുന്നു)

4. ദ്യുതി സ്പെഷ്യൽ (കാസറഗോഡ് സ്പെഷ്യൽ പാക്കേജ്) നിലവിലുണ്ട്

a, 400kV കരിന്തളം സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതിനായുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

b, 110 കെവി കുറ്റിക്കോൽ സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായി, ഉദ്ഘാടനം നിർവ്വഹിച്ചു.

c, മുള്ളേരിയ സബ്സ്റ്റേഷനിൽ 15MW ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം, മൈലാട്ടി സബ്സ്റ്റേഷനിൽ 125MW ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം എന്നിവ നടപ്പിലാക്കി വരുന്നു.

d, മൈലാട്ടിയിലും മുള്ളേരിയയിലും യഥാക്രമം 125MW / 500 MWH, 15MW /60 MWH കപ്പാസിറ്റിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്.

**(ബി)** മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് നിലവിൽ സബ് സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും അത് എത്ര കെ.വി.യുടേതാണെന്നും വ്യക്തമാക്കാമോ;

**മറുപടി:**

- മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പെടുന്ന വോർക്കാടിയിൽ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സാങ്കേതിക സാധ്യത പഠനം പൂർത്തിയായി.

- ബന്ദിയോട്/ആരിക്കാടിയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ സാങ്കേതിക സാധ്യതാ പഠനം നടന്നു വരുന്നു.

**(സി)** പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ തടസ്സങ്ങൾ നീക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വോർക്കാടി 110 കെ.വി സബ്സ്റ്റേഷൻ, ബന്ദിയോട്/ ആരിക്കാടി 33 കെ.വി സബ്സ്റ്റേഷൻ എന്നിവ നിർമ്മിക്കുന്നതിനായി ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതായിട്ടുണ്ട്.

**(ഡി)** സീതാംഗോളി സെക്ഷൻ ഓഫീസ് നിലവിൽ ശോചനീയാവസ്ഥയിലുള്ള വാടക മുറിയിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സീതാംഗോളിയിൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിനായി അനുയോജ്യമായ വാടകരഹിത കെട്ടിടമോ അല്ലെങ്കിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കുറഞ്ഞത് 10 സെന്റ് സ്ഥലം സൗജന്യമായി ലഭ്യമാക്കണമെന്ന വ്യവസ്ഥയിലാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് സെക്ഷൻ ഓഫീസ് അനുവദിച്ചത്. പഞ്ചായത്ത് വാടകരഹിതമായി അനുവദിച്ച കെട്ടിടം ഇപ്പോൾ മോശം അവസ്ഥയിലായതിനാൽ സീതാംഗോളി ഇലക്ട്രിക്കൽ സെക്ഷന് പുതിയൊരു കെട്ടിടം ലഭ്യമാക്കുന്നതിനും സ്ഥല സൗകര്യങ്ങളും സുരക്ഷയുമുള്ള ഒരു കെട്ടിടം പുത്തിഗെ ഗ്രാമപഞ്ചായത്ത് പരിധിയിൽ അനുവദിക്കുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് കാസറഗോഡ് ഡിവിഷനിൽ നിന്നും പുത്തിഗെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. തുടർന്ന് മേൽ വിഷയം ഗ്രാമപഞ്ചായത്തിന്റെ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുള്ളതായും പ്രസ്തുത കെട്ടിടം പുതുക്കിപ്പണിയുന്നതിന് പഞ്ചായത്തിന് ഭാരിച്ച ചെലവ് വരുമെന്നതിനാൽ പഞ്ചായത്ത് നിശ്ചയിക്കുന്ന കെട്ടിടം വാടക നൽകാമെന്ന വ്യവസ്ഥയിൽ, കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുവദിച്ചു നൽകുകയോ നിലവിലുള്ള കെട്ടിടം കെ.എസ്.ഇ.ബി പുതുക്കി പണിയുകയോ ചെയ്യാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതായി അറിയിച്ച് 22.06.2024 ലെ കത്ത് പ്രകാരം പുത്തിഗെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി ലഭ്യമായിട്ടുണ്ട്. സെക്ഷൻ ഓഫീസ് അനുവദിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായി വാടക നല്കുന്നതിനാണ് പഞ്ചായത്ത് ആവശ്യപെട്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**